(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

അപകടനിലയിലുള്ള മരങ്ങൾ മുറിച്ചുനീക്കാനുള്ള സംവിധാനം

252 (1996) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കൂടുതലായെത്തുന്ന പ്രദേശങ്ങളിലെ കേടുപാടുള്ളതും, അപകടസാധ്യതയുള്ളതുമായ വൻമരങ്ങൾ മുറിച്ച് നീക്കാനുള്ള സംവിധാനം പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയിൽ എം.ജി. റോഡിൽ യൂണിവേഴ്സിറ്റി കോളേജിന് മുന്നിലുൾപ്പെടെയുള്ള അപകടനിലയിലുള്ള മരങ്ങൾ പരിശോധിച്ച് നീക്കം ചെയ്യാൻ അടിയന്തര നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾ കൂടുതലായെത്തുന്ന പ്രദേശങ്ങളിലെ കേടുപാടുള്ളതും അപകടസാധ്യതയുള്ളതുമായ മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള സംവിധാനം പ്രവർത്തനക്ഷമമായി നടന്നുവരുന്നു.

അപകട സാധ്യതയുള്ള മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള അപേക്ഷയിന്മേൽ നിലവിലുള്ള നിയമപ്രകാരം ടീ കമ്മിറ്റി പരിശോധിച്ച് യഥാസമയംതന്നെ ഭീഷണി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ പ്രദേശത്തെ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി. റോഡു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷ നൽകുന്ന മുറയ്ക്ക് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 68/10/വനം പ്രകാരം രൂപീകരിച്ച വൃക്ഷ പരിശോധനാ കമ്മിറ്റി ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

വനേതരാവശ്യങ്ങൾക്കായി വന ഭൂമി

253 (1997) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനേതരാവശ്യങ്ങൾക്കായി വന ഭൂമി വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ഇപ്രകാരം എത്ര വനഭൂമി വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം വനഭൂമി വിട്ടുനൽകിയിരിക്കുന്നത് എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണെന്നും ആർക്കെല്ലാമാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വിട്ടുനൽകിയിട്ടുള്ള വന ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	ഹെക്ടർ
1	തിരുവനന്തപുരം	0.1195
2	കൊല്ലം	1.84904
3	പത്തനംതിട്ട	7.5404
4	ഇടുക്കി	0.8183
5	എറണാകുളം	0.19362
6	തൃശ്ശൂർ	14.97085
7	പാലക്കാട്	4.33
8	മലപ്പുറം	0.000003
9	കോഴിക്കോട്	0.021
10	കാസർഗോഡ്	0.219

(ബി) താഴെപ്പറയുന്ന യൂസർ ഏജൻസികൾക്കാണ് വന ഭൂമി നിശ്ചിത ആവശ്യങ്ങൾക്കായി വിട്ടുനൽകിയിരിക്കുന്നത്.

1. കെ.എസ്.ഇ.ബി.- വൈദ്യുതീകരണത്തിനുവേണ്ടി.
2. കേരള വാട്ടർ അതോറിറ്റി- ശുദ്ധജല സംഭരണത്തിനും വിതരണത്തിനും.
3. ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ്-ഗ്യാസ് ലൈനുകൾ സ്ഥാപിക്കാൻവേണ്ടി.
4. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, കൊടകര-ചെക്ക് ഡാം നിർമ്മിക്കുന്നതിനും കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും വേണ്ടി.